"ഭരണഭാഷ - മാതൃഭാഷ"

നം:-വൈ2/4003/2026/ഡിജിഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : 05-06-2026

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം - 2025-26 വർഷത്തെ സംസ്ഥാന അധ്യാപക അവാർഡ് നോമിനേഷൻ ക്ഷണിക്കുന്നത് - സംബന്ധിച്ച്

സൂചന :- 1. സ.ഉ (സാധാ)നം.4631/2022/GEDN തീയതി 06/08/2022
2. സ.ഉ (സാധാ)നം.5415/2024/GEDN തീയതി 30/08/2024

*****

സംസ്ഥാന അധ്യാപക അവാർഡ് നിർണ്ണയ സമിതിയുടെ ഘടനയും മാർഗരേഖയും പരിഷ്കരിച്ചുകൊണ്ട് സൂചന (1),(2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2025-26 വർഷത്തെ സംസ്ഥാന അധ്യാപക അവാർഡ് നിർണ്ണയം സ്കൂൾ/ഉപജില്ല/വിദ്യാഭ്യാസ ജില്ല /ആർ.ഡി.ഡി/എ.ഡി/റവന്യൂ ജില്ല എന്നിങ്ങനെ വിവിധ ഘട്ടങ്ങളായാണ് നടക്കുന്നത്. എൽ.പി/യു.പി/എച്ച്.എസ്/എച്ച്.എസ്.എസ്/വി.എച്ച്.എസ്.എസ് എന്നീ വിഭാഗങ്ങളിലെ അധ്യാപകർക്കാണ് അവാർഡുകൾ നൽകുന്നത്. സൂചന(2) ഉത്തരവ് പ്രകാരം സംസ്ഥാനതലത്തിൽ അധ്യാപക അവാർഡ് ജേതാക്കളെ തെരഞ്ഞെടുക്കുന്നതിന് താഴെപ്പറയുന്ന രീതികളാണ് അവലംബിക്കുന്നത്.

1.സമർപ്പിച്ച പ്രൊഫൈലുകളിൽ പ്രസ്താവിച്ചിരിക്കുന്ന മേഖലകളിൻമേലുള്ള അവതരണം - 30 മാർക്ക്
2. മാതൃകാ ക്ലാസ് അവതരണം - 40 മാർക്ക്
3. അഭിമുഖം - 30 മാർക്ക്

സംസ്ഥാനതലത്തിൽ ആകെ മാർക്ക് 100-ൽ 70%-മോ അതിനു മുകളിലോ സ്കോർ ചെയ്യുന്നവരെ മാത്രമേ അവാർഡിനായി പരിഗണിക്കുകയുള്ളൂ. എൽ.പി/യു.പി/എച്ച്.എസ്/എച്ച്.എസ്.എസ്/വി.എച്ച്.എസ്.എസ് എന്നീ വിഭാഗങ്ങളിൽ നിന്നും നൽകുന്ന അവാർഡുകളുടെ എണ്ണം അർഹതയുടെ അടിസ്ഥാനത്തിൽ പരമാവധി 5 ആയിരിക്കും.

സംസ്ഥാന അധ്യാപക അവാർഡ് നിർണ്ണയവുമായി ബന്ധപ്പെട്ട് സൂചനകൾ പ്രകാരം സർക്കാർ പുറത്തിറക്കിയ മാർഗനിർദ്ദേശങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. പ്രസ്തുത ഉത്തരവുകളിലെ മാർഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി സ്കൂൾ/ഉപജില്ല/വിദ്യാഭ്യാസ ജില്ല /ആർ.ഡി.ഡി/എ.ഡി/റവന്യൂ ജില്ലാതലങ്ങളിൽ തെരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയാക്കേണ്ടതാണ്.

**സമയക്രമം ചുവടെ ചേർക്കുന്നു.**

| | |
|---|---|
| പി.റ്റി.എ/എസ്.എം.സി/സ്റ്റാഫ് കൗൺസിൽ/സ്കൂൾ പാർലമെന്റ് എന്നീ വിഭാഗങ്ങളിൽ നിന്നും നോമിനേഷനുകൾ ബന്ധപ്പെട്ട ഉപജില്ല/വിദ്യാഭ്യാസ ജില്ല/ആർ.ഡി.ഡി/എ.ഡി ഓഫീസുകളിൽ നൽകുന്നതിനുള്ള അവസാന തീയതി | 09/07/2026 |
| ലഭ്യമായ നോമിനേഷനുകൾ ബന്ധപ്പെട്ട ഓഫീസുകളുടെ നോട്ടീസ് ബോഡിൽ പ്രസിദ്ധീകരിക്കേണ്ട അവസാന തീയതി | 14/07/2026 |
| നോമിനേറ്റ് ചെയ്ത അധ്യാപകരുടെ സ്വയം വിലയിരുത്തൽ രേഖകൾ ശേഖരിക്കേണ്ടതും ആയത് ഉപജില്ല/വിദ്യാഭ്യാസ ജില്ല /ആർ.ഡി.ഡി/എ.ഡി തലത്തിൽ പരിശോധിച്ച് റവന്യൂ ജില്ലാ പരിശോധനാ സമിതിക്ക് കൈമാറേണ്ട അവസാന തീയതി | 23/07/2026 |
| റവന്യൂ ജില്ലാതല സമിതി പരിശോധിച്ച് സംസ്ഥാനതലത്തിലേക്ക് നോമിനേഷനുകൾ സമർപ്പിക്കേണ്ട അവസാന തീയതി | 04/08/2026 |

സംസ്ഥാനതലത്തിലേക്ക് ജില്ലകളിൽനിന്നും പ്രോപ്പോസലുകൾ അയക്കുമ്പോൾ താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

1. അപേക്ഷയുടെ 3 കോപ്പി വീതം അയക്കേണ്ടതാണ്.
2. അപേക്ഷയുടെ നിർദ്ദിഷ്ട സ്ഥാനത്ത് അപേക്ഷകന്റെ / അപേക്ഷകയുടെ 6 മാസത്തിനകം എടുത്ത പാസ്പോർട്ട് സൈസ് ഫോട്ടോ (കളർ ഫോട്ടോ) പതിക്കേണ്ടതും, അധികമായി 2 ഫോട്ടോ കൂടി അപേക്ഷയോടൊപ്പം ഉൾക്കൊള്ളിക്കേണ്ടതുമാണ്.
3. കവറിനു പുറത്ത് സംസ്ഥാന അധ്യാപക അവാർഡിനുള്ള അപേക്ഷ 2025-26 എന്ന് രേഖപ്പെടുത്തേണ്ടതാണ്.
4. അപേക്ഷകൾ സമർപ്പിക്കുമ്പോൾ നിലവിലെ മാർഗനിർദേശങ്ങളിലെ വ്യവസ്ഥകൾ നിർബന്ധമായും പാലിക്കേണ്ടതാണ്.

5. പ്രോഫോർമയിലെ എല്ലാ കോളങ്ങളും വിട്ടുപോകാതെ പൂരിപ്പിക്കേണ്ടതാണ്.
6. അപേക്ഷയോടൊപ്പം ജില്ലാതല സെലക്ഷൻ കമ്മിറ്റിയുടെ മിനിട്സ് കൂടി സമർപ്പിക്കേണ്ടതാണ്.
7. നോമിനേഷനായി പരിഗണിക്കേണ്ടതായ സൂചകങ്ങളിൽ അധ്യാപകർ നടത്തിയ നൂതന പ്രവർത്തനങ്ങളും, മൂല്യാധിഷ്ഠിതമായ പ്രവർത്തനങ്ങളും പരിഗണിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സാമൂഹിക അവബോധം വളർത്തുന്നതിനുള്ള പ്രവർത്തനങ്ങളും, സ്കൂളിനെയും സമൂഹത്തെയും പരസ്പരം ബന്ധിപ്പിക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കി വരുന്ന ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കും, പാഴ് വസ്തു സംസ്കരണത്തിനും, സ്കൂൾ പച്ചക്കറിത്തോട്ടം നിർമ്മാണത്തിനും, പരിപാലനത്തിനും അധ്യാപകർ വഹിച്ചിട്ടുള്ള നേതൃപരമായ പങ്ക് കൂടി പരിഗണനാ വിഷയമാക്കേണ്ടതാണ്.

8. അപേക്ഷകൾ നേരിട്ടോ, തപാൽ വഴിയോ 07/08/2026 വൈകുന്നേരം 5 മണിക്കകം ഈ കാര്യാലയത്തിലെ പബ്ലിക് റിലേഷൻസ് ഓഫീസർക്ക് ലഭിച്ചിരിക്കണം. നിശ്ചിത സമയത്തിനു ശേഷം ലഭിക്കുന്ന അപേക്ഷകൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

Digitally signed by
Asif K Yusuf
Date: 05-06-2026
11:41:08

സ്വീകർത്താവ്:

1. വിദ്യാഭ്യാസ ഉപഡയറക്ടർമാർ
2. ആർ.ഡി.ഡി മാർ (ഹയർസെക്കൻഡറി വിഭാഗം)
3. എ.ഡി മാർ (വൊക്കേഷണൽ ഹയർസെക്കൻഡറി വിഭാഗം)
4. ജില്ലാ/ഉപ ജില്ലാ വിദ്യഭ്യാസ ഓഫീസർമാർ
5. പ്രിൻസിപ്പൽമാർ /പ്രഥമാധ്യാപകർ (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)

പകർപ്പ്:

1. കരുതൽ ഫയൽ